3. ബേപ്പൂർ തുറമുഖത്തിന്റെ ആഴക്കുറവ്

4. ബേപ്പൂർ തുറമുഖത്ത് ചരക്ക് കയറ്റുന്നതിനുള്ള വർദ്ധിച്ചുവരുന്ന തിരക്കും കാലതാമസവും.

5. ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കത്തിന് കുറഞ്ഞ നിരക്ക് ഈടാക്കാനുള്ള മംഗലാപുരം തുറമുഖ അധികൃതരുടെ നീക്കം.

ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും തുറമുഖ വകുപ്പും സാധ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ലക്ഷദ്വീപിനുവേണ്ടി മാത്രം ബേപ്പൂർ തുറമുഖത്ത് ഒരു ബർത്ത് നിർമ്മിക്കാൻ സംസ്ഥാന സർക്കാർ സ്ഥലം അനുവദിച്ചു നൽകിയെങ്കിലും പ്രസ്തുത പ്രോജക്ട് ലക്ഷദ്വീപ് ഭരണകൂടം നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് ബേപ്പൂരിലെ തിരക്ക് പരിഗണിച്ച് അവിടെ ഒരു ബർത്തുകൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാഥമിക പഠനം ചെന്നൈ IIT പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. Capital Dredging നടത്തി പോർട്ടിന്റെ ആഴം വർദ്ധിപ്പിക്കാനും 24 മണിക്കൂറും തുറമുഖത്തുനിന്ന് ചരക്ക് ഗതാഗതം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തുന്നതിനും ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അനുകൂലമായ തീരുമാനത്തിലെത്തിച്ചേരുന്നതിനും തുറമുഖ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

## 14) സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ചു വന്നിരുന്നു. ഗുണഭോക്താക്കളിൽ പലവിധകാരണങ്ങളാൽ അനർഹരായവരെ ഒഴിവാക്കുന്നതിനും അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനുമായാണ് ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്.

മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉൾപ്പെടെ അക്ഷയ കേന്ദ്രങ്ങളിൽ നേരിട്ടെത്തി മസ്റ്റർ ചെയ്യാൻ കഴിയാത്ത എല്ലാ പെൻഷൻ ഗുണഭോക്താക്കളെയും അവരുടെ വീടുകളിലെത്തി മസ്റ്റർ ചെയ്യുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. 50 വയസ്സ് അവിവാഹിത/വിധവാ പെൻഷൻ, വിവാഹം/പുനർവിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്ന ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും 15-2-2019-ലെ സ.ഉ (എം.എസ്.) നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

88/19/ധന, 11-12-2019-ലെ സർക്കുലർ നമ്പർ 97|19/ധന. പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യാൻ 2020 ഫെബ്രുവരി 29 വരെയാണ് സമയം നൽകിയിരുന്നത്, എന്നാൽ പല പ്രാദേശിക സർക്കാരുകളിലും ഇത്തരത്തിൽ സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാത്തതിനാൽ പെൻഷൻ മുടങ്ങിയെന്നറിയിച്ച് ധാരാളം പരാതികൾ ലഭിച്ചതിനെത്തുടർന്ന് ഇതിനായി 30-6-2020 വരെ സമയം അനുവദിച്ചിരുന്നു. സമയപരിധി ദീർഘിപ്പിക്കണമെന്ന് വീണ്ടും ആവശ്യമുയർന്ന സാഹചര്യത്തിൽ 16-7-2020 മുതൽ 22-7-2020 വരെയും തുടർന്ന് 10-8-2020 മുതൽ 16-8-2020 വരെയും 1-10-2020 മുതൽ 20-10-2020 വരെയും സമയം അനുവദിച്ചിരുന്നു.

## 15. കോവിഡ് പ്രതിസന്ധി സംബന്ധിച്ച ശ്രീ. പി. ടി. തോമസ്, എം. എൽ. എ.-യുടെ സബ്മിഷനുള്ള മറുപടി

കോവിഡ്- 19 കാരണം സാമ്പത്തിക ബുദ്ധിമുട്ടിലായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള ടാക്സി, ഓട്ടോറിക്ഷ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ യഥാക്രമം 2500, 2000 രൂപ നിരക്കിൽ ധനസഹായം നൽകിയിരുന്നു. കൂടാതെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി/കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ഓണത്തിന് 1000 രൂപ പ്രത്യേക ധനസഹായം നൽകിയതിനോടൊപ്പം 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ആറ് മാസക്കാലയളവിലെ ഉടമ, തൊഴിലാളി അംശദായങ്ങൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധിൽ അംഗത്വമുള്ള തൊഴിലാളികൾക്കും മൂവായിരം രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു.

## 16. സ്ഥലമെട്ടപ്പ് സംബന്ധിച്ച ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി

എറണാകുളം ജില്ലയിലെ രാമമംഗലം-മണീട് പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് മൂവാറ്റുപുഴ ആറിന് കുറുകെ നിർമ്മിക്കുന്ന കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടി 141.25 സെന്റ് നിലം നികത്തുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ടവർ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലം പരിവർത്തനപ്പെടുത്തുന്നത് പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല നിരീക്ഷണ സമിതി അപേക്ഷ നിരസിക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ, അപ്രോച്ച് റോഡ്

LIBRARY ARCHIVES Kerala Legislative Assembly